**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3671** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കർഷകരെ സഹായിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോഴിക്കർഷകരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | സംസ്ഥാനത്തെ കോഴിക്കർഷകരെ സഹായിക്കാനായി മിതമായ നിരക്കിൽ സർക്കാർ ഫാമിൽ കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നുണ്ട്.<br><br>ഇറച്ചിക്കോഴി / മുട്ടക്കോഴി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) യുടെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വെൻകോബ് ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയം ഫാമിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നതാണ്. വർഷത്തിൽ 300 വരെ മുട്ട നൽകാൻ കഴിയുന്ന മികച്ച ഇനമായ ബി.വി.380 കോഴിക്കുഞ്ഞുങ്ങൾ കോപ്കോയുടെ മാള യൂണിറ്റിൽ ലഭ്യമാണ്. കെപ്കോ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനമൊട്ടാകെ ഈ ഇനത്തിൽപ്പെട്ട കോഴികളെ വിതരണം ചെയ്യുന്നു. അതിന് പുറമെ 5 കോഴികളെ വളർത്താൻ കഴിയുന്ന ആധുനിക തരത്തിലുള്ള കൂടുകൾ മിതമായ നിരക്കിൽ തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ നിന്നും ലഭിക്കുന്നു.<br><br>കോഴികളുടെ രോഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും വാക്സിനുകളും 5 - 15 ശതമാനം ഡിസ്കൗണ്ടിൽ പേട്ടയിലെ കെപ്കോ ന്യായവില മെഡിക്കൽ സ്റ്റോറിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ജനുവരി 2020 മുതൽ കേരള ഫീഡ്സ് കോഴിത്തീറ്റ കുറഞ്ഞ അളവിൽ ന്യായമായ വിലയിൽ വിപണിയിൽ ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | കോഴിത്തീറ്റയ്ക്കും കോഴിക്കുഞ്ഞിനും വ്യാപകമായ തോതിൽ വില വർദ്ധിപ്പിക്കുന്ന ഇതരസംസ്ഥാന ലോബികളുടെ പ്രവർത്തനത്തെ തടയിടാൻ തദ്ദേശീയമായി ഇവ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | കോഴി ഇറച്ചി വിപണിയിലെ അന്യസംസ്ഥാന കുത്തക ലോബികളുടെ ചൂഷണത്തിന് കടിഞ്ഞാണിടാൻ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) മേൽത്തരം ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. കെപ്കോയുടെ അധീനതയിലുള്ള കുടപ്പനക്കുന്ന് ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ വെൻകോബ് ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നു. ഗുണമേന്മ ഉറപ്പ് വരുത്തിയ ബി.വി.380, ഗ്രാമശ്രീ ഇനങ്ങളിൽപ്പെട്ട മുട്ടക്കോഴികളെയും കെപ്കോയിൽ നിന്നും കർഷകർക്ക് ലഭിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുവാൻ നിലവിൽ മാർഗ്ഗങ്ങളില്ല. എന്നാൽ കെപ്കോ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കെ.എസ്.പി.ഡി.സി, വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള ഫീഡ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ വഴി കോഴിത്തീറ്റ തദ്ദേശീയമായി മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും വകുപ്പ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തി കർഷകരെ സഹായിക്കുന്നുണ്ട്.<br><br>രാജ്യവ്യാപകമായി വിപണിയിൽ ചോളത്തിന്റെ വില 25% വരെ വർദ്ധിച്ചിട്ടും കേരള ഫീഡ്സ് കോഴിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ